**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 116** **31.10.2019 ൽ മറുപടിയ്ക്ക്**

**ഭൂപതിവ് ചട്ടങ്ങളിൽ ഇടുക്കി ജില്ലയ്ക്കായി വരുത്തിയ ഭേദഗതി**

**ചോദ്യം**

**ശ്രീ.വി.ഡി.സതീശൻ**
**ശ്രീ.പി.ടി. തോമസ്**
**ശ്രീ.ഷാഫി പറമ്പിൽ**
**ശ്രീ.സണ്ണി ജോസഫ്**

**മറുപടി**

**ശ്രീ. ഇ. ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | ഇടുക്കി ജില്ലയ്ക്ക് മാത്രമായി 1964 ലെ ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള പ്രത്യേക സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ; | (എയും ബിയും) ഇല്ല. 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ച് നൽകുന്നത് കൃഷിക്കും, ഗൃഹനിർമ്മാണത്തിനും, ഗുണപരമായ ഉപയോഗത്തിനും മാത്രമാണ്. എന്നാൽ 7/8/2019 ലെ ഇനം 3254 പ്രകാരമുള്ള മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 22-08-2019-ൽ പുറപ്പെടുവിച്ചിട്ടുള്ള സ.ഉ.(കൈ)നം.269/2019/റവ ഉത്തരവിൻ പ്രകാരം 1964- ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ച് നൽകിയ 15 സെൻറിൽ താഴെയുള്ള പട്ടയ ഭൂമിയിൽ ഉപജീവനാവശ്യത്തിന് വേണ്ടി മാത്രംഉപയോഗിക്കുന്ന 1500 ചതുരശ്ര അടിക്ക് താഴെ തറവിസ്തൃതിയുള്ള (പ്ലിന്ത് ഏരിയ) കെട്ടിടം മാത്രമാണുള്ളതെങ്കിൽ, അപേക്ഷകനോ അപേക്ഷകനെ ആശ്രയിച്ച് കഴിയുന്നവർക്കോ മറ്റൊരിടത്തും ഭൂമിയില്ല എന്ന് വ്യക്തമായി തെളിയിക്കുന്ന പക്ഷം (ആർ.ഡി.ഒയുടെ സർട്ടിഫിക്കറ്റ്) ഉത്തരവിന്റെ തീയതി വരെയുള്ള നിർമ്മാണങ്ങൾ മാത്രം ക്രമീകരിക്കുന്നതിന് 1964 ലെ ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനും 1964- ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ച് നൽകിയ 15 സെൻറ് വരെയുള്ള പട്ടയ ഭൂമിയിൽ 1500 ചതുരശ്ര അടിയിലേറെ തറ വിസ്തൃതിയുള്ളതും വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതുമായ കെട്ടിടത്തിന്റെ കൈവശക്കാർ അത് അവരുടെ ഏക ജീവനോപാധിയാണെന്ന് വ്യക്തമായി തെളിയിക്കുകയാണെങ്കിൽ അത്തരം സവിശേഷ സാഹചര്യങ്ങൾ പ്രത്യേകം പരിശോധിച്ച് ഓരോ കേസിലും പ്രത്യേകം റിപ്പോർട്ട് തയ്യാറാക്കി നീതിയുക്തമായ തീരുമാനമെടുക്കുന്നതിനായി ഇടുക്കി ജില്ലാ കളക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്നും സർക്കാർ തലത്തിൽ നീതിയുക്തമായ |
| (ബി) | ഇത് സംബന്ധിച്ച് മന്ത്രിസഭ തീരുമാനം എടുത്തത് എന്നാണെന്ന് അറിയിക്കാമോ; | |

| | | |
|---|---|---|
| | | തീരുമാനമെടുക്കേണ്ടതാണെന്നും മുൻ പരാമർശിച്ചവയിൽ ഉൾപ്പെടാത്തതും പട്ടയ ഭൂമിയിലുള്ളതുമായ വാണിജ്യ നിർമ്മാണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ പട്ടയം റദ്ദ് ചെയ്ത് ഭൂമിയും നിർമ്മിതികളും സർക്കാരിലേക്ക് നിക്ഷിപ്തമാക്കിക്കൊണ്ട്, നിലവിലുള്ള ചട്ടങ്ങൾ പ്രകാരമുള്ള നിരക്കുകൾക്കും വ്യവസ്ഥകൾക്കും വിധേയമായി പാട്ടത്തിന് നൽകുന്നതിനും തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | പട്ടയഭൂമി എന്ത് ആവശ്യത്തിന് നൽകിയോ അതിന് മാത്രമേ ഉപയോഗിക്കാവൂ എന്നും പ്രസ്തുത ഭൂമിയിൽ വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ തുടങ്ങുന്നതിനുള്ള കെട്ടിടങ്ങൾ നിർമ്മിക്കരുതെന്നും നിഷ്കർഷിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. |
| (ഡി) | പട്ടയഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് വില്ലേജാഫീസറുടെ എൻ.ഒ.സി. നിർബന്ധമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) ഇടുക്കി ജില്ലയിലെ മൂന്നാർ പ്രദേശത്ത് ഇനിമേലുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി തദ്ദേശ സ്വയം ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചു നൽകിയ ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി ബന്ധപ്പെട്ട കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഭേദഗതി ചെയ്യേണ്ടതാണെന്നും സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഇ) | കാർഷിക മേഖലയിലെ തകർച്ചമൂലം ബുദ്ധിമുട്ടുന്ന ഇടുക്കിയിലെ കർഷകർക്ക് പ്രസ്തുത ഉത്തരവ് തിരിച്ചടിയായതിനാൽ ഇത് പിൻവലിക്കുമോ; വിശദമാക്കാമോ? | (ഇ) പ്രസ്തുത ഉത്തരവിൽ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന യാതൊന്നുമില്ലാത്ത സാഹചര്യത്തിൽ ടി ഉത്തരവ് പിൻവലിക്കേണ്ട സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ